**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3466 — 14.03.2017- ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം**

ചോദ്യം — ശ്രീ.എൻ.എ.നെല്ലിക്കുന്ന്

മറുപടി — ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര ദുരിതബാധിതർക്ക് സഹായം ലഭ്യമാക്കും; | (എ) | അർഹരായിട്ടുള്ള എല്ലാവർക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി എത്ര രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | 200 കോടിയോളം രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര കുടുംബങ്ങളുടെ ബാങ്ക് വായ്പകൾ എഴുതി തള്ളിയിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് വിശദീകരിക്കുമോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള 559 ലോണുകൾ എഴുതിത്തള്ളുന്നതിലേക്കായി 94,96,499/-രൂപയും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള 119 ലോണുകൾ എഴുതിത്തള്ളുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | 25,35,450/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | എൻഡോസൾഫാൻ ദുരിത-ബാധിതരായി മരണമടഞ്ഞവരുടെ കുടുംബത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പെൻഷൻ, എന്നീ ഇനത്തിൽ നിലവില്ലുള്ള സർക്കാർ ചിലവഴിച്ച തുക തരംതിരിച്ച് വിശദീകരിക്കുമോ; | (ഡി) | ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ അനുസരിച്ച് 20.35 കോടി രൂപ ഇതിനകം അനുവദിച്ച നൽകിയിട്ടുണ്ട്. ചികിത്സാ ഇനത്തിൽ പ്രതിവർഷം 4 കോടിയോളം രൂപ ചെലവാകുന്നുണ്ട്.<br>ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സ്നേഹസാന്ത്വന പദ്ധതിപ്രകാരം ധനസഹായം അനുവദിയ്ക്കുന്നതിന് 2016-17-ൽ 8,22,58,350/-രൂപ ചെലവഴിച്ചിട്ടുണ്ട്. എൻഡോ-സൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെയും ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 2016-17-ൽ 67,60,165/-രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ |

| | | | |
|---|---|---|---|
| | | | പട്ടികയിലുൾപ്പെട്ടവർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണയായി 1000/- രൂപ നൽകിയിട്ടുണ്ട്. ദുരിതബാധിതരുടെ പട്ടികയിലുൾപ്പെടാത്തവരും എന്നാൽ മാരകരോഗങ്ങളുണ്ടെന്നു കണ്ടെത്തിയവരുമായ 128 പേർക്ക് 1.28 കോടി രൂപ (1 ലക്ഷം രൂപ വീതം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | എൻഡോസൾഫാൻ ദുരിത-ബാധിതർക്കു വേണ്ടി മരണാനന്തര സഹായം ഉൾപ്പെടെ മുൻസർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളുടെ സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ദുരിത ബാധിതർക്കായി നടത്തിയ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ് മുഖേന തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; ഇവരെ ദുരിതബാധിതരുടെ പട്ടികയിൽപ്പെ-ടുത്തി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണെന്ന് വിശദീകരിക്കാമോ? | (ഇ) | മനുഷ്യാവകാശ കമ്മീഷൻ ശുപാർശ അനുസരിച്ച് പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർ , ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് ധനസഹായം അനുവദിക്കുന്ന-തിനായി 90.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനായി താഴെപറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. |

| വർഷം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 2011-12 | 9,70,46,098/- |
| 2012-13 | 7,51,59,555/- |
| 2013-14 | 8,00,32,115/- |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2014-15</td><td>9,22,10,920/-</td></tr>
<tr><td>2015-16</td><td>9,43,07,975/-</td></tr>
</table>
എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിനായി 3,21,26,675/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 1,78,81,201/-രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>
എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് എല്ലാ പഞ്ചായത്തിലുമുള്ള അപേക്ഷകരെയും ഉൾപ്പെടുത്തിയാണ്. നിലവിലുള്ള പട്ടികയിലെ 560 പേർ എൻഡോസൾഫാൻ തളിച്ചിരുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കു പുറത്തുള്ളവരാണ്. ഇവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിവരുന്നു.
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ.**